## മത്സ്യവിത്തിന്റെ ഗുണനിലവാരം

176 (2003) ശ്രീ. ഡൊമിനിക് പ്രസന്റേഷൻ :
ശ്രീ. അൻവർ സാദത്ത് :
ശ്രീ. പി. എ. മാധവൻ :
ശ്രീ. വി. ഡി. സതീശൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഉറമുഖവും എക്സൈസും വകപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൃഷി ചെയ്യുന്ന മത്സ്യ വിത്തിന്റെ ഗുണനിലവാരം ഉറപ്പാക്കുവാൻ നിയമനിർമ്മാണം നടത്തിയിട്ടുണ്ടോ ; വിശദാംശം വെളിപ്പെടുത്തുമോ ;

(ബി) ഗുണനിലവാരം കുറഞ്ഞ മത്സ്യകുഞ്ഞുങ്ങളെ ഉപയോഗിച്ച് മത്സ്യകൃഷി നടത്തുന്നത്വഴി മത്സ്യങ്ങൾക്ക് വേഗത്തിൽ രോഗം ബാധിക്കുന്നതായും ആയത് ഭക്ഷണത്തിന് യോഗ്യമല്ലെന്നുമുള്ള കണ്ടെത്തലുകളുടെ അടിസ്ഥാനത്തിൽ ഫിഷറീസ് വകപ്പ് ഇവയുടെ ഗുണനിലവാരം ഉറപ്പാക്കുവാൻ സ്വീകരിച്ചുവരുന്ന നടപടികൾ എന്തൊക്കെയാണെന്ന് വിശദമാക്കുമോ ;

(സി) മത്സ്യവിത്തിന്റെ ഗുണനിലവാര പരിശോധന ആരംഭിച്ചിട്ടുണ്ടോ ; ഏത് അതോറിറ്റിയെയാണ് ഇതിനായി ചുമതലപ്പെടുത്തിയിട്ടുള്ളതെന്ന് വിശദമാക്കുമോ ;

(ഡി) മത്സ്യവിത്ത് ഉല്പാദന കേന്ദ്രങ്ങൾക്ക് രജിസ്ട്രേഷൻ ഏർപ്പെടുത്തി മത്സ്യവിത്തുകളുടെ ഗുണനിലവാരം ഉറപ്പുവരുത്തുവാൻ നടപടി സ്വീകരിക്കുമോ ?

### ഉത്തരം

(എ) ഉണ്ട്. കേരള നിയമസഭ പാസ്സാക്കിയതിൻപ്രകാരമുള്ള 2014-ലെ കേരള മത്സ്യവിത്ത് ബില്ലിന് 2014 ഡിസംബർ 31-ാം തീയതി ബഹുമാനപ്പെട്ട കേരള ഗവർണറുടെ അനുമതി ലഭിച്ചിട്ടുണ്ട്. 2015-ലെ 4-ാം ആക്ട് ആയി ടി നിയമം പ്രസിദ്ധപ്പെടുത്തിയിട്ടുണ്ട്.

(ബി) നിലവിൽ അഡാക്കിന്റെ ഉടമസ്ഥതയിൽ വർക്കല ഓടയം ഹാച്ചറി, കമ്പളങ്ങി, വടക്കൻ പറവൂർ എന്നിവിടങ്ങളിൽ മത്സ്യ/ചെമ്മീൻ വിത്തിന്റെ ഗുണനിലവാരം പരിശോധിക്കുന്നതിന് പി.സി.ആർ. ഉൾപ്പെടെയുള്ള വിവിധ തരത്തിലുള്ള ടെസ്റ്റുകൾ ചെയ്യുന്നതിന് വേണ്ടിയുള്ള ലാബുകൾ പ്രവർത്തിച്ചുവരുന്നു. ചെമ്മീൻ വിത്തിന്റെ ഗുണനിലവാരം പരിശോധിച്ച് രോഗാണു വിമുക്തമാണെന്ന് ഉറപ്പുവരുത്തിയതിൻശേഷമാണ് ചെമ്മീൻ വിത്തുകൾ കർഷകർക്ക് നൽകി വരുന്നത്. കൂടാതെ അഡാക്കിന്റെ നേതൃത്വത്തിൽ അക്വാട്ടിക് ആനിമൽ ഹെൽത്ത് ലബോറട്ടറി NFDB ധനസഹായത്തോടെ തേവരയിൽ സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. 2014-ലെ കേരള മത്സ്യവിത്ത് ആക്ട് നടപ്പാക്കുന്നതിന്

LIBRARY ARCHIVES Kerala Legislative Assembly

ആവശ്യമായ മത്സ്യവിത്ത് ചട്ടങ്ങൾ തയ്യാറാക്കി വരികയാണ്. ടി ചട്ടങ്ങൾ നിലവിൽ വരുമ്പോൾ മത്സ്യവിത്ത് ഫാമിനും ഹാച്ചറികൾക്കും രജിസ്ട്രേഷൻ, ലൈസൻസ് എന്നിവ നൽകൽ, സീഡ് സർട്ടിഫിക്കേഷൻ, ഹാച്ചറികളിലും ഫാമുകളിലും പരിശോധന നടത്തുക, രോഗബാധിതമായ വിത്തുകൾ നശിപ്പിച്ചു കളയുക, ഇത്തരം വിത്തുകൾ വിൽക്കുന്ന സ്ഥാപനങ്ങൾക്കെതിരെ നിയമനടപടികൾ സ്വീകരിക്കുക തുടങ്ങിയ കാര്യങ്ങൾ പ്രാബല്യത്തിൽ കൊണ്ടുവരാൻ കഴിയും.

(സി) മത്സ്യവിത്തിന്റെ ഗുണനിലവാര പരിശോധന ആരംഭിച്ചിട്ടുണ്ട്. നിലവിൽ ഫിഷറീസ് വകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന കേരള ജലകൃഷി വികസന ഏജൻസിയെയാണ് (അഡാക്ക്) ചുമതലപ്പെടുത്തിയിട്ടുള്ളത്.

(ഡി) 2014-ലെ കേരള മത്സ്യവിത്ത് ആക്ട് നടപ്പാക്കുന്നതിനാവശ്യമായ ചട്ടങ്ങൾ തയ്യാറാക്കി വരികയാണ്. ആയത് പ്രസിദ്ധീകരിക്കുന്നതോടെ 2014-ലെ കേരള മത്സ്യവിത്ത് ആക്ടും പ്രസ്തുത ചട്ടങ്ങളും പ്രകാരം മത്സ്യവിത്ത് ഉല്പാദന കേന്ദ്രങ്ങൾക്ക് രജിസ്ട്രേഷൻ, ലൈസൻസ് എന്നിവ ഏർപ്പെടുത്തുകയും മത്സ്യ വിത്തുകളുടെ ഗുണനിലവാരം നിയമപരമായി ഉറപ്പുവരുത്തുന്നതിന് കഴിയുന്നതുമാണ്.

**മത്സ്യോൽപ്പാദനം വർദ്ധിപ്പിക്കുവാൻ നടപടി**

177 (2004) <u>ശ്രീ. സാജു പോൾ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മത്സ്യോൽപ്പാദന രംഗം സർക്കാർ വിലയിരുത്തിയിട്ടുണ്ടോ ;

(ബി) മത്സ്യോൽപ്പാദനം വർദ്ധിപ്പിക്കാൻ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ;

(സി) മത്സ്യ കർഷകർക്ക് എന്തൊക്കെ സബ്സിഡികളാണ് നൽകി വരുന്നത്; വിശദമാക്കാമോ ;

(ഡി) ഇവർക്ക് പെൻഷൻ അനുവദിക്കുന്നുണ്ടോ ; ഇല്ലെങ്കിൽ പ്രതിമാസ പെൻഷൻ അനുവദിക്കാൻ നടപടി സ്വീകരിക്കുമോ ?

<u>ഉത്തരം</u>

(എ) ഉണ്ട്.

(ബി) 2012 മുതൽ 2015 വരെയുള്ള കാലയളവിൽ നടപ്പാക്കിയ മത്സ്യ സമൃദ്ധിപദ്ധതി മുഖേന ഉൾനാടൻ മത്സ്യോല്പാദനം 1.5 ലക്ഷം ടണ്ണിൽനിന്നും 2.5 ലക്ഷം ടണ്ണായി ഉയർത്തി ഉൾനാടൻ മത്സ്യോല്പാദനത്തിന്റെകാര്യത്തിൽ സ്വയംപര്യാപ്തത നേടുക എന്ന ഉദ്യമം ലക്ഷ്യം കണ്ടിരുന്നു.

LIBRARY ARCHIVES Kerala Legislative Assembly